**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2127** **30-09-2025-ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരത്ത് മോഷണക്കുറ്റം ആരോപിച്ച് ദളിത് യുവതിയെ പോലീസ് സ്റ്റേഷനിൽ മാനസികമായി പീഡിപ്പിച്ച സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും ഇക്കാര്യത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** തിരുവനന്തപുരത്ത് മോഷണം ആരോപിച്ച് ദളിത് സ്ത്രീയെ പേരൂർക്കട പോലീസ് സ്റ്റേഷനിൽ മാനസികമായി പീഡിപ്പിച്ച സംഭവത്തിൽ ആരോപണം നേരിട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പേരൂർക്കട പോലീസ് സ്റ്റേഷൻ ക്രൈം നം. 880/2025 U/s 296(b), 351(2),127(2), 303(5) BNS & Sec 3(2)(V)(a), 3(i)(p), 3(i)(q) SC/ST പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടിയാൻമാരെ സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. ടി കേസ് നിലവിൽ ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ അന്വേഷണത്തിലുമാണ്.

**(ബി)** സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റക്കാർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ 22.09.2025 വരെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് ആകെ 11363 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ആയതിൽ 7781 കേസുകളിൽ കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ 2844 കേസുകൾ പോലീസ് തീർപ്പാക്കിയിട്ടുള്ളതും (UD/RC/FAD/False etc) 738 കേസുകൾ നിലവിൽ അന്വേഷണാവസ്ഥയിലുമാണ്.

കുറ്റപത്രം സമർപ്പിച്ചിട്ടുള്ള 7781 കേസുകളിൽ 3967 കേസുകൾ കോടതി തീർപ്പാക്കിയിട്ടുള്ളതും, 3814 കേസുകൾ കോടതിയുടെ പരിഗണനയിലുമാണ്. ഇത്തരത്തിൽ തീർപ്പാക്കിയ 3967 കേസുകളിൽ 573 കേസുകളിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുള്ളതും, 3044 കേസുകളിൽ പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുള്ളതും, 350 കേസുകൾ മറ്റ് രീതികളിൽ (Quash, Discharge, Abate etc) തീർപ്പാക്കിയിട്ടുള്ളതുമാകുന്നു.

**സെക്ഷൻ ഓഫീസർ**